(ബി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) കോരാമ്പാടം കപ്പേളക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ തുക എത്രയെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി 31-3-2015-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 50,440.

(സി) കോരാമ്പാടം കപ്പേളയ്ക്കുസമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ രൂപരേഖ നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (REC) സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 5,16,750 ആണ്. ആർ.ഇ.സി.-യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്.

**ജലവൈദ്യുത പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി**

**50 (395)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ഭാഗമാണ് ജലവൈദ്യുത പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജലവൈദ്യുത പദ്ധതികളുടെയും ഉല്പാദനവിഹിതം പ്രത്യേകം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2015 മെയ് മാസത്തിലെ കണക്കുപ്രകാരം 39.44 ശതമാനം വൈദ്യുതിയാണ് ജലവൈദ്യുത പദ്ധതികളിൽ (സ്വകാര്യ സംരംഭങ്ങൾ ഉൾപ്പെടെയുള്ള) നിന്നും ഉൽപ്പാദിപ്പിച്ചത്.

(ബി) ഓരോ ജലവൈദ്യുത പദ്ധതികളിൽനിന്നും 2015 മെയ് മാസത്തെ കണക്കുപ്രകാരം ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly